"എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു."
(യോഹ. 14:27)

സൺഡേ ശാലോം™

2011 മെയ് 22 ഞായർ

രക്ഷാധികാരി	: ഡോ. ഗീവർഗീസ് മാർ ദിവന്നാസിയോസ്
ചീഫ് എഡിറ്റർ	: ബെന്നി പുന്നത്തറ
അസോസിയേറ്റ് എഡിറ്റർ	: ഫാ. ജോസഫ് വയലിൽ സി.എം.ഐ.
ഡപ്യൂട്ടി എഡിറ്റർ	: സ്റ്റെല്ലാ ബെന്നി
ജനറൽ എഡിറ്റർ	: ഫാ. റോയ് വർഗീസ് പാലാട്ടി സി.എം.ഐ,
അസിസ്റ്റന്റ് എഡിറ്റർ	: ജയ്മോൻ കുമരകം
സീനിയർ സബ് എഡിറ്റർ	: ബിജു സെബാസ്റ്റ്യൻ
കോൺട്രിബ്യൂട്ടിംഗ് എഡിറ്റേഴ്സ്	: ടി.ദേവപ്രസാദ്
	: പ്രഫ.കെ.എം ഫ്രാൻസീസ്

ഒറ്റപ്രതി വില : 5.00 രൂപ
വാർഷികവരിസംഖ്യ (തപാലിൽ) : 250 രൂപ
അർദ്ധവാർഷികം : 125 രൂപ
വിദേശത്തേക്ക് : 3000 രൂപ

വിലാസം:
പെരുവണ്ണാമൂഴി – 673 528, കോഴിക്കോട്, കേരള
ഫോൺ: (0496) 2664600 ഫാക്സ്: (0496) 2664680
E-mail: sunday@shalomonline.net Web: www.shalomonline.net

© 2010 All Rights Reserved to Shalom Trust.
Warning: Reproduction of these materials in any manner whatsoever without the written permission of Shalom Trust is strictly forbidden.

"ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ."
(ലൂക്കാ. 1:38)

അമ്മയ്ക്കരികെ

ഈശോയോട് ചേർത്തുനിർത്തണേ

ഈശോയുടെ ജീവിതത്തിൽ ആദ്യം മുതൽ അന്ത്യം വരെ ഉണ്ടായിരുന്നവളും ഈശോയുടെ ജീവിതത്തോട് ഏറ്റവുമധികം അടുത്തുനിന്നവളുമായ പരിശുദ്ധ കന്യകാമറിയമേ, ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷവും ഈശോയോട് കൂടെയായിരിക്കുവാനും ജീവിതത്തിലെ ഏതു പ്രതിസന്ധികളിലും ഈശോയോടു ചേർന്നുനില്ക്കുവാനും അമ്മ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ..



▸▸ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ OFM.Cap.

വചനാധിഷ്ഠിത ജീവിതം

തേനിനെയും തേൻകട്ടയെയുംകാൾ മധുരമുള്ള ദൈവവചനം വായിച്ചു ധ്യാനിക്കുന്നവർക്ക് ദൈവം നൽകുന്ന ആശ്വാസം ലഭിക്കും. അടിസ്ഥാനപരമായ മൂന്നു സന്ദേശങ്ങളാണ് വചനം നമുക്കു നൽകുന്നത്. ഒന്നാമതായി, ദൈവത്തിന്റെ വചനം ആശ്വാസം നൽകുന്ന വചനമാണ്. വിശുദ്ധ ഗ്രന്ഥത്തിലെ 82 ശതമാനം വചനങ്ങളും ആശ്വാസം പകരുന്നതാണ്. 11 ശതമാനം വചനങ്ങൾ ഉപദേശരൂപത്തിലാണ്. ഏഴുശതമാനം വചനങ്ങൾ ശാസനാരൂപത്തിലുമാണ്. വചനം കൂടുതൽ വായിക്കുംതോറും ആശ്വാസം ലഭിച്ചുകൊണ്ടിരിക്കും. "പ്രകാശം ഉണ്ടാകട്ടെ" എന്നതാണ് ദൈവം സംസാരിച്ച ആദ്യവചനം. വചനം വായിച്ചു ധ്യാനിക്കുമ്പോൾ ഉള്ളിലുള്ള അന്ധകാരമെല്ലാം മാറിപ്പോവുകയും പ്രകാശം നമ്മെ ഗ്രസിക്കുകയും ചെയ്യും. വെറുപ്പും വിദ്വേഷവും പകയുമെല്ലാം കടന്നുപോകും. സമാധാനവും സന്തോഷവും ആത്മസംയമനവും നമ്മിൽ വന്നുനിറയും. ഭക്ഷണം കഴിച്ചില്ലെങ്കിൽ ശരീരം ക്ഷീണിക്കുന്നതുപോലെ വചനം വായിച്ചില്ലെങ്കിൽ ആത്മാവും ക്ഷീണിക്കും. സാത്താനെതിരെയുള്ള ശക്തമായ ആയുധമായി വചനത്തെ നാം കാണുന്നു. കർത്താവിനെ സാത്താൻ പ്രലോഭിപ്പിച്ചപ്പോൾ വചനമുപയോഗിച്ചാണ് ആ പ്രലോഭനത്തെ നേരിട്ടത്. തിന്മയുടെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ വചനം ശക്തി തരും. ഒരു വ്യക്തിയുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നത് വചനത്തിൽ നിലനിൽക്കുമ്പോഴാണ്. യോഹന്നാന്റെ സുവിശേഷം പതിനഞ്ചാം അധ്യായത്തിൽ ഒന്നുമുതൽ എട്ടുവരെയുള്ള വാക്യങ്ങളിൽ ഈ സന്ദേശം നാം കാണുന്നുണ്ട്. വചനം വായിച്ചു ധ്യാനിച്ച് അതിൽ നിലനിന്നാൽ സകല പ്രാർത്ഥനയ്ക്കും ഉത്തരം ലഭിക്കുമെന്ന് നാം ഇവിടെ കാണുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ അവിടുത്തെ ഓർമിപ്പിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നതാണ് വചനം പറഞ്ഞുള്ള പ്രാർത്ഥന.

ശക്തമായ മാനസാന്തരങ്ങളിലേക്ക് വ്യക്തികൾ കടന്നുവരുന്നതു പ്രാർത്ഥന വഴിയാണ്. വിശുദ്ധ ആഗസ്തീനോസും ഫ്രാൻസിസ് അസീസിയും ഫ്രാൻസിസ് സേവ്യറുമെല്ലാം ദൈവാനുഭവത്തിലേക്ക് കടന്നുവന്നത് വചനശ്രവണം വഴിയാണ്. കർത്താവിന്റെ വചനം പാറപ്പുറത്തുവീണ കൂടം പോലെയും സ്വർണ്ണത്തെ ശുദ്ധീകരിക്കുന്ന അഗ്നിപോലെയുമാണ് (ജറെമിയാ 23:29) എന്ന് എഴുതപ്പെട്ടിരിക്കുന്നത് എത്രയോ വലിയ സത്യമാണ്. നിരന്തരമായ വചനശ്രവണം വഴി ഏതു കഠിനഹൃദയർക്കും മാനസാന്തരം സംഭവിക്കുമെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അവതരിച്ച വചനത്തെ കണ്ടവർ മറ്റൊരു വഴിയെ തിരികെപ്പോയി (മത്താ.2:12) എന്നു നാം വായിക്കുന്നുണ്ടല്ലോ. കർത്താവിന്റെ വചനം മുഴങ്ങുന്നിടത്തെല്ലാം രോഗശാന്തിയുണ്ട്. ആന്തരികവും ബാഹ്യവുമായ സൗഖ്യാനുഭവങ്ങളിലേക്കു നമ്മെ നയിക്കുന്നത് വചനത്തിന്റെ ശക്തിയാണ്. തിരുവചനങ്ങൾ വായിച്ചു ധ്യാനിക്കുമ്പോൾ ഒരു വലിയ അനുഗ്രഹത്തിലേക്കാണ് നാം പ്രവേശിക്കുന്നത്. അനുഗ്രഹങ്ങൾ പ്രാപിക്കുവാനുള്ള പ്രധാന വഴിയാണ് വചനധ്യാനവും വചനപാലനവും. ദിവസവും മുടങ്ങാതെ നാം വചനം വായിച്ചു ധ്യാനിക്കണം. പാറമേൽ പണിത ഭവനംപോലെ ജീവിതം ഉയരണമെങ്കിൽ വചനത്തെ മുറുകെ പിടിക്കുക. "ഞാൻ പറഞ്ഞ വചനംനിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിത്തീരും" എന്ന കർത്താവിന്റെ വചനങ്ങൾ നിരന്തരം ധ്യാനിച്ചുകൊണ്ട് നമുക്ക് ജീവിതയാത്ര തുടരാം.

നല്ല മക്കളുണ്ടാകാൻ നല്ല മാതാപിതാക്കളാകുക

▸▸ ഫാ. ജെയിംസ് മഞ്ഞാക്കൽ MSFS

ഒരു നല്ല കുട്ടി ജനിക്കേണ്ടത് മാതാപിതാക്കളുടെ വിവാഹത്തിനുശേഷം അവരുടെ കൃപ നിറഞ്ഞ ജീവിതത്തിൽ നിന്നാണ്. അപ്പന്റെയും അമ്മയുടെയും രക്തത്തിന് ശിശുവിന്റെമേലുള്ള സ്വാധീനം വളരെ വലുതാണ്. ഇന്ന് ഏതു ഡോക്ടർമാരുടെയടുക്കൽ ഏതു രോഗവുമായി ചെന്നാലും അവർ ചോദിക്കുന്ന ചോദ്യം "ഈ രോഗം മാതാപിതാക്കൾക്കോ കുടുംബത്തിൽ ആർക്കെങ്കിലുമോ ഉണ്ടോ" എന്നാണ്. ശാരീരിക രോഗങ്ങൾപോലെതന്നെ, ആധ്യാത്മിക–മാനസിക രോഗങ്ങളും മക്കളിലേക്കു പകരാം. കുറവുകൾക്കും തകർച്ചകൾക്കും സ്വഭാവവൈകൃതങ്ങൾക്കും കാരണം ദൈവമല്ല, പ്രത്യുത മനുഷ്യനാണ്.

പത്തുവർഷങ്ങൾക്കുമുമ്പ് ജർമ്മനിയിലെ 'കെവലാർ' എന്ന സ്ഥലത്ത് ധ്യാനിപ്പിക്കുമ്പോൾ, രണ്ടു യുവതികൾ കൗൺസിലിംഗിനായി എന്റെ അടുത്തു വന്നു. ത്വക്കുരോഗങ്ങളിൽനിന്നും ആസ്തമയിൽനിന്നും സൗഖ്യം കിട്ടുമോ എന്നറിയാൻ പോളണ്ടിൽ നിന്നെത്തിയവരായിരുന്നു അവർ. സഹോദരികളാണോ എന്ന ചോദ്യത്തിനു കിട്ടിയ മറുപടി എന്നെ അത്ഭുതപ്പെടുത്തി: ഞങ്ങൾ വിവാഹിതരാണ്. വിവാഹം പുരുഷനും സ്ത്രീയും തമ്മിലല്ലേ, സ്ത്രീയും സ്ത്രീയും തമ്മിലല്ലല്ലോ എന്നു പറഞ്ഞപ്പോൾ, അവരിലൊരാൾ തിരിച്ചടിച്ചു: "സ്ത്രീക്കു പുരുഷനെ കെട്ടാമെങ്കിൽ എന്തുകൊണ്ടു സ്ത്രീയെ കെട്ടിക്കൂടാ?"

തർക്കിച്ചിട്ടു കാര്യമില്ല എന്നു തോന്നിയതിനാൽ, വിവാഹത്തെപ്പറ്റിയുള്ള ബൈബിളിലെ പഠനങ്ങളും ഉൾക്കാഴ്ചകളും ഉൽപത്തി പുസ്തകം മുതൽ ഒന്നൊന്നായി വായിച്ചുകേൾപ്പിക്കുകയും ഉള്ളിന്റെയുള്ളിൽ ഇവരുടെ മാനസാന്തരത്തിനായി പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു.

"ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" എന്ന വി. മത്തായിയുടെ സുവിശേഷഭാഗം (മത്താ.19:6) വായിച്ചു കഴിഞ്ഞ് അവരുടെ മുഖത്തേക്കു നോക്കിയപ്പോൾ രണ്ടുപേരും കരയുന്നതു കണ്ടു. ഒരാൾ കണ്ണീരോടെ ചോദിച്ചു: "അപ്പോൾ ഞങ്ങൾക്കു രക്ഷയില്ല, ഞങ്ങൾ മരിച്ചാൽ നരകത്തിൽ പോകും, അല്ലേ." സ്വവർഗ്ഗ ലൈംഗികബന്ധത്തിൽ തുടർന്നാൽ നരകത്തിൽ പോകുമെന്ന് ബൈബിൾതന്നെ ഉദ്ധരിച്ചുകൊണ്ട് പ്രത്യേകിച്ച് യൂദാസിന്റെ ലേഖനം ഏഴാം വചനം വ്യാഖ്യാനിച്ചുകൊണ്ട് ഞാൻ സമർത്ഥിച്ചു. അല്പസമയം പാപികളോടുള്ള കർത്താവിന്റെ സ്നേഹത്തെപ്പറ്റിയും അനുതാപജന്യമായ ജീവിതത്തെപ്പറ്റിയും പറഞ്ഞിട്ട് ഒരു നല്ല കുമ്പസാരത്തിനായി അവരെ പറഞ്ഞയച്ചു.

കർത്താവിന്റെ അരൂപി അത്ഭുതകരമായി അവരിൽ പ്രവർത്തിച്ചു. ധ്യാനത്തിന്റെ അവസാനദിവസം അവരുടെ മാനസാന്തരത്തിന്റെയും സൗഖ്യത്തിന്റെയും സാക്ഷ്യം ആയിരത്തിൽപരം ആളുകളുടെ മുമ്പിൽ പരസ്യമായി പറഞ്ഞു. കേട്ടവർ നിറകണ്ണുകളോടെ ദൈവത്തെ സ്തുതിക്കുകയും എളിമയോടെയുള്ള അവരുടെ സാക്ഷ്യത്തെ പുകഴ്ത്തുകയും ചെയ്തു.

"ഇനി ഞങ്ങൾ വിശുദ്ധ സഹോദരികളായി ജീവിക്കും, ലൈംഗികമായ ഒരു സ്പർശനമോ ഒരു ചിന്തപോലുമോ ഞങ്ങൾ മനസിൽ വ്യാപരിപ്പിക്കുകയില്ല" എന്നു പറഞ്ഞപ്പോൾ എല്ലാവരും കരഘോഷം മുഴക്കി.

ആറു വർഷങ്ങൾക്കുശേഷം അതേ സ്ഥലത്ത് ഒരു 'ആത്മാവിൽ വളർച്ച' ധ്യാനത്തിനായി പോയപ്പോൾ ധ്യാനത്തിന്റെ ഒന്നാം ദിവസം ഇവർ രണ്ടുപേരും തങ്ങളുടെ ഭർത്താക്കന്മാരുമായി ഒരാൾ ഒന്നും മറ്റേയാൾ രണ്ടും കുട്ടികളെയുമായി എന്നെ കാണാൻ വന്നു.

ഞാൻ കണ്ട ആദ്യ ലെസ്ബിയൻ ദമ്പതികളുടെ കഥയാണ് മേൽ വിവരിച്ചത്. അന്ന് അതെനിക്ക് ഒരു പുതമയായിരുന്നുവെങ്കിൽ, ഇന്നെനിക്ക് അതു സാധാരണമാണ്. ആയിരവും രണ്ടായിരവും ആളുകൾ സംബന്ധിക്കുന്ന യൂറോപ്പിലെ ഒരു ധ്യാനത്തിൽ പത്തു പതിനഞ്ചു സ്വവർഗ ദമ്പതികളുണ്ടാവും. അയ്യായിരവും പതിനായിരവും കൂടുന്ന കൺവൻഷനുകളിലാണെങ്കിൽ അവരുടെ എണ്ണം പിന്നെയും വർധിക്കും. ഈ കഴിഞ്ഞ പതിനൊന്നു വർഷങ്ങളിലെ യൂറോപ്യൻ ധ്യാനപരിപാടികളിൽ എന്റെ ധ്യാനങ്ങളിൽ സംബന്ധിച്ച 630 സ്വവർഗ ദമ്പതികളുടെ മാനസാന്തരവും അതിൽ 480 പേർ സ്വാഭാവികബന്ധത്തിലേക്ക് തിരിഞ്ഞതിന്റെയും രേഖകൾ എന്റെ ഡയറിയിലുണ്ട്. ചിലരുടെ വിവാഹം ആശീർവദിച്ചതും മക്കൾക്കു മാമ്മോദീസ കൊടുത്തതും ഞാനാണ്.

ഞാനറിയാത്ത വേറെ പല കേസുകളും ഇപ്രകാരം ജീവിതവ്യതിയാനത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കലാശിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

എന്തു കാരണങ്ങളാണ് സ്വവർഗരതികളിലേക്കും സ്വവർഗബന്ധങ്ങളിലേക്കും ഇവരെ നയിക്കുന്നത്? തൊണ്ണൂറു ശതമാനവും തകർന്ന കുടുംബജീവിതത്തിൽ പിറന്ന വ്യക്തികൾക്കാണ് ഇപ്രകാരമുള്ള പ്രവണതകൾ കാണുന്നത്. മേൽപ്പറഞ്ഞ സാക്ഷ്യത്തിലെ രണ്ടു പെൺകുട്ടികളും നന്നേ ചെറുപ്പത്തിൽ തന്നെ രക്തബന്ധുക്കളിൽനിന്ന് ലൈംഗിക പീഡനമനുഭവിച്ചവരായിരുന്നു. തൽഫലമായി അവർക്ക് അവരോടു തന്നെയും പുരുഷന്മാരോടും വെറുപ്പായിരുന്നു. താൻ ഗർഭത്തിലായിരുന്നപ്പോൾത്തന്നെ, അമ്മയെ ഉപേക്ഷിച്ച അപ്പനെ കണ്ടുമുട്ടാനിടയായാൽ അയാളെ വധിക്കാൻ അവരിലൊരുവൾ കത്തി കരുതിയിരുന്നത്രേ! കടുത്ത പുരുഷവിദ്വേഷത്തോടെ ജീവിച്ചുവരവെ, ബോർഡിംഗ് സ്കൂളിൽവച്ച് അതേ മനോഭാവമുള്ള മറ്റൊരുവളെ കണ്ടുമുട്ടുകയും 'പ്രേമിക്കുകയും' 'വിവാഹം കഴിക്കുകയുമാണ്' ചെയ്തത്.

അപ്പനോടും തന്നെ ലൈംഗികമായി ദുരുപയോഗിച്ച ബന്ധുവിനോടും ക്ഷമിക്കാൻ ധ്യാനവേളയിലാണ് പരിശുദ്ധാത്മാവിന്റെ കൃപ ലഭിച്ചത്.

എല്ലാ ലൈംഗികവൈകൃതങ്ങളെയും അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന സമൂഹമാണ് ഇന്ന് യൂറോപ്പ്. വിവാഹത്തിനുമുമ്പുള്ള അവിഹിതവേഴ്ച, വിവാഹിതർതന്നെ മറ്റുള്ളവരുമായി ലൈംഗികബന്ധത്തിലേർപ്പെടുക, സ്വന്തം ജീവിതപങ്കാളിക്കു പുറമെ വേറൊരാളെ ലൈംഗികസുഖത്തിനായി സൂക്ഷിക്കുക, സ്വവർഗരതികളും ബന്ധങ്ങളും തുടങ്ങിയ എല്ലാ ആഭാസങ്ങളെയും ഒരു വിവേചനവും കൂടാതെ സ്വീകരിക്കുക എന്നിങ്ങനെയുള്ള ഒരു സമൂഹത്തിലാണ് യൂറോപ്പിലെ യുവാക്കൾ വളർന്നു വരുന്നത്. ഇപ്രകാരം തിന്മയിലായിരിക്കുന്നവരെ അവരുടെ മാതാപിതാക്കളോ ആധ്യാത്മിക നേതാക്കളോപോലും കുറ്റപ്പെടുത്തുകയോ തെറ്റു തിരുത്തുകയോ ചെയ്യില്ല. ഇവയുടെ വരുംവരായ്കകളെപ്പറ്റി ബോധ്യപ്പെടുത്തുന്ന പ്രസംഗങ്ങളോ മാധ്യമങ്ങളോ ഇല്ലെന്നു മാത്രമല്ല, എല്ലാ മാധ്യമങ്ങളും ലൈംഗികതയുടെ എല്ലാ മ്ലേച്ഛതകളെയും പരസ്യമായി കാണിക്കുന്നവയുമാണ്.

എല്ലാ ടെലിവിഷൻ ചാനലുകളും ഭാര്യാഭർത്താക്കന്മാർ രഹസ്യമായി ചെയ്യുന്നതെല്ലാം പരസ്യമായി കാണിക്കുന്നു. നന്മതിന്മ തിരിച്ചറിവില്ലാത്ത കുഞ്ഞുങ്ങൾപോലും അവ കാണുന്നു. അങ്ങനെ തിന്മയുടെ വിത്തുകൾ അവരുടെ കുരുന്നു ഹൃദയങ്ങളിൽ പാകപ്പെടുന്നു.

"നിങ്ങൾക്കു വ്യാമോഹം വേണ്ട, ദൈവത്തെ കബളിപ്പിക്കാനാവില്ല. മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. എന്തെന്നാൽ സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽനിന്നും നാശം കൊയ്തെടുക്കും" (ഗലാ.6:8). ദൈവത്തിന്റെ നാടായ നമ്മുടെ കൊച്ചു കേരളത്തിൽ ലൈംഗികതയുടെ അതിപ്രസരണത്തിനു നിയന്ത്രണം വരുത്തിയില്ലെങ്കിൽ "സോദോം ഗൊമോറ"യായി നമ്മുടെ രാജ്യവും നഗരങ്ങളും മാറും.

സ്വിറ്റ്സർലണ്ടിൽ വച്ച് മൂന്ന് ആൺകുട്ടികളുടെ അമ്മ എന്നോടു പറഞ്ഞു, "ഞാൻ ദൈവത്തെ വെറുക്കുന്നു, എന്തെന്നാൽ എന്റെ മൂന്നു കുട്ടികളെയും ദൈവം സ്വവർഗഭോഗികളായി സൃഷ്ടിച്ചു." ദൈവം ഒരുവനെയും കുറ്റവാളിയോ കൊലപാതകിയോ മദ്യപാനിയോ കള്ളനോ സ്വവർഗഭോഗിയോ ആയി സൃഷ്ടിച്ചിട്ടില്ലായെന്നും എല്ലാവരെയും ദൈവം തന്റെ ഛായയിലാണ് സൃഷ്ടിച്ചതെന്നും ഞാൻ വ്യക്തമാക്കി.

എന്റെയടുക്കൽ വരുന്ന ഏതൊരു സ്ത്രീയോടും "നിന്റെ ഭർത്താവ് എവിടെ?" എന്ന എന്റെ ചോദ്യത്തിന് അവരുടെ മറുപടി ഇങ്ങനെയായിരുന്നു. "എനിക്ക് ഭർത്താവില്ല, ഈ കുട്ടികളുടെ അപ്പന്മാർ ആരെന്ന് എനിക്കറിഞ്ഞുകൂടാ." ഞാനവളോടു വിവാഹത്തിന്റെയും ലൈംഗികതയുടെയും വിശുദ്ധിയെയും മാന്യതയെയുംപ്പറ്റി സംസാരിച്ചുകൊണ്ട് ഹെബ്രായലേഖനം വായിച്ചു. "എല്ലാവരുടെയിടയിലും, വിവാഹം മാന്യമായി കരുതപ്പെടട്ടെ. മണവറ മലിനമാക്കാതിരിക്കട്ടെ. കാരണം, അസന്മാർഗികളെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (ഹെബ്രാ.13:4). കർത്താവിന്റെ വചനം പരിശുദ്ധാത്മാവിലൂടെ അവളുടെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടപ്പോൾ, അവിടെ മാനസാന്തരമുണ്ടായി. നല്ല പശ്ചാത്താപത്തോടെ കുമ്പസാരിക്കുകയും വീട്ടിൽ ചെന്ന് മൂന്നു മക്കളോടും ക്ഷമ ചോദിക്കുകയും ചെയ്തു. ദൈവത്തിന്റെ ആത്മാവ് അവരിലും പ്രവർത്തിച്ചു. ആ മൂന്നു മക്കളുമിന്ന് വിവാഹിതരും പിതാക്കന്മാരുമാണ്.

ദൈവം മനുഷ്യനെ ഭൂമിയിലെ ധൂളികൊണ്ട് ഉരുവാക്കി തന്റെ ജീവശ്വാസംകൊണ്ട് മനുഷ്യനെ സൃഷ്ടിച്ചു എന്നാണല്ലോ വിശുദ്ധ ലിഖിതത്തിൽ നാം വായിക്കുന്നത് (ഉൽ.2:7). ഇന്നും മനുഷ്യനെ രൂപപ്പെടുത്തുന്നത് മണ്ണിലെ പൂഴികൊണ്ടാണ്. ഈ 'പൂഴി' അപ്പന്റെയും അമ്മയുടെയും രക്തമാണ്, അഥവാ ബീജവും അണ്ഡവും ആണ്. ദൈവം ഒരേ ജീവശ്വാസം എല്ലാ മനുഷ്യരിലേക്കും നിശ്വസിച്ചുവെങ്കിലും, മനുഷ്യനിലുള്ള വ്യത്യസ്തതകൾക്കു കാരണം അവർ ജനിച്ച പൂഴിയിൽനിന്നാണെന്നു വ്യക്തം. യൂറോപ്യൻ രക്തത്തിൽ പിറന്നവൻ വെളുമ്പനാണ്, ആഫ്രിക്കൻ രക്തത്തിൽ പിറന്നവൻ കറുമ്പാണ്! എങ്കിൽ ദൈവം ഒരുവനിലേക്ക് തന്റെ സൃഷ്ടികർമ്മത്തിൽ ജീവനെ നിശ്വസിച്ചപ്പോൾ, താൻ എടുത്ത 'പൂഴി' കറ പുരണ്ടതായിരുന്നെങ്കിൽ, വിവിധ ശാപങ്ങളുള്ളതായിരുന്നെങ്കിൽ, വിവിധ ദുഃസ്വഭാവങ്ങളുടെ വിത്തുകൾ പേറുന്നവയായിരുന്നെങ്കിൽ, ദൈവകൃപയിൽ ആയിരുന്നില്ലെങ്കിൽ, നിശ്ചയമായും ഉരുവാക്കപ്പെട്ട ആ വ്യക്തിയിൽ ഈവക കുറവുകൾ കാണുക സ്വാഭാവികമാണ്.

ഒരു നല്ല കുട്ടി ജനിക്കേണ്ടത് മാതാപിതാക്കളുടെ വിവാഹത്തിനുശേഷം അവരുടെ കൃപ നിറഞ്ഞ ജീവിതത്തിൽ നിന്നാണ്. അപ്പന്റെയും അമ്മയുടെയും രക്തത്തിന് ശിശുവിന്റെമേലുള്ള സ്വാധീനം വളരെ വലുതാണ്. ഇന്ന് ഏതു ഡോക്ടർമാരുടെയടുക്കൽ ഏതു രോഗവുമായി ചെന്നാലും അവർ ചോദിക്കുന്ന ചോദ്യം "ഈ രോഗം മാതാപിതാക്കൾക്കോ കുടുംബത്തിൽ ആർക്കെങ്കിലുമോ ഉണ്ടോ" എന്നാണ്. ആധ്യാത്മിക-മാനസിക തകർച്ചകളും രോഗങ്ങളുമായി കടന്നുവരുന്ന ആരോടും ഈ ചോദ്യം ചോദിക്കേണ്ടതല്ലയോ! എങ്കിലല്ലേ ചികിത്സയും പ്രതിവിധിയും കണ്ടെത്താനാവൂ!

ശാരീരിക രോഗങ്ങൾപോലെതന്നെ, ആധ്യാത്മിക-മാനസിക രോഗങ്ങളും മക്കളിലേക്കു പകരാം. അപ്പോൾ കുറവുകൾക്കും തകർച്ചകൾക്കും സ്വഭാവവൈകൃതങ്ങൾക്കും കാരണം ദൈവമല്ല, പ്രത്യുത മനുഷ്യനാണ്. ദൈവം തന്റെ അരൂപികൊണ്ടു എല്ലാവരെയും ഒരുപോലെ സൃഷ്ടിച്ചു: ദൈവത്തിന്റെ അരൂപി സ്നേഹമാണ്, നന്മയാണ്, വിശുദ്ധിയാണ്. ദൈവം എല്ലാവരെയും സ്നേഹത്തിലൂടെ നന്മയിലും വിശുദ്ധിയിലും സൃഷ്ടിച്ചു; എന്നാൽ അതിനെതിരായി മനുഷ്യനിൽ കാണുന്ന എല്ലാ തിന്മകൾക്കും കാരണം അവൻ തന്നെ.

"ദൈവം മനുഷ്യനെ സരളഹൃദയനായി സൃഷ്ടിച്ചു; എന്നാൽ അവന്റെ സങ്കീർണ പ്രശ്നങ്ങൾ അവന്റെ തന്നെ സൃഷ്ടിയാണ്" (സഭാ.പ്ര.7:29). ●

മൊഴി

സന്ന്യാസം; മാർ ഈവാനിയോസിന്റെ വാക്കുകളിൽ

ഒരു സന്യാസിക്ക് ധനം, ബഹുമതി, പൊതുജനസമ്മതം എന്നീ പദങ്ങൾ ദാരിദ്ര്യം, അപമാനം, ദുഷ്കീർത്തി എന്നിവയുടെ പര്യായങ്ങൾ മാത്രമാണ്. ലോകദൃഷ്ടിയിൽ ബുദ്ധിഹീനനും ഭ്രാന്തനുമായി തീരുമ്പോൾ ഒരു സന്യാസി പരമാനന്ദം അനുഭവിക്കുന്നു. സ്വയമേ ദൈവത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള സന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും അതുകൊണ്ട് അതാണ് ജീവിതാദർശമായിരിക്കേണ്ടതെന്നും അതിനായിട്ടുവേണം ശിഷ്ടായുസിനെ വിനിയോഗിപ്പാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ട് നിശ്ചയിച്ചു. ആശ്രമസ്ഥർക്ക് ആർക്കും സ്വന്തമായി ഒരു സെന്റ് ഭൂമിപോലും ആശ്രമത്തിലോ അതിന്റെ പരിസരങ്ങളിലോ ഉണ്ടായിരിക്കാൻ പാടില്ല. അവ മുഴുവൻ ആശ്രമത്തിനായിരിക്കണം. ഒരുവൻ ദൈവകാര്യത്തിനായി പുറപ്പെടുമ്പോൾ അവന്റെ ഭവനകാര്യങ്ങൾ യഹോവ നോക്കിക്കൊള്ളും.

സന്യാസിയെ ഒരു യാഗപ്പശുവിനോടുപമിക്കാം. യാഗപ്പശു നാല് അവസ്ഥാന്തരങ്ങളിലൂടെ കടന്നുപോകേണ്ടതായിട്ടുണ്ട്. ഒന്നാമതായി യാഗപ്പശുവിനെ കൂട്ടത്തിൽനിന്നും വേർതിരിക്കുന്നു. വ്രതാനുഷ്ഠാന നിർവഹണങ്ങളാൽ മാത്രം ഒരാൾ പൂർണ സന്യാസിയായി തീരുന്നില്ല. സന്യാസി യേശുമിശിഹായോടൊപ്പം യാഗപീഠത്തിമേൽ കിടക്കുന്നു. സന്യാസജീവിതത്തിന് എനിക്ക് ബാല്യം മുതൽക്കേ ഉണ്ടായിരുന്ന അഭിരുചിയും ആകാംക്ഷയും കരുണാനിധിയായ ദൈവത്തിന്റെ കൃപയാൽ പ്രബലപ്പെടുകയും ഞാൻ സാമുദായിക ശ്രമങ്ങളെ ഉപേക്ഷിച്ച് ബഥന്യാശ്രമം മുഖേന ഭക്തിപരമായ കാര്യങ്ങളിൽ ഏകാഗ്രതയോടെ പരിശ്രമിക്കുവാൻ ദൈവം സംഗതിയാക്കുകയും ചെയ്തു. സന്യാസജീവിതം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി പ്രസ്തുത സഭയിൽ ഞാൻ ഒരു ഉപകരണമായി ത്തീർന്നു. ആദർശത്തിൽ ഐകരൂപ്യമുണ്ടായിരിക്കേണ്ടതുപോലെ ജീവിതചര്യയിൽ ദൃഢപ്രതിജ്ഞയും വേണമെന്നുള്ള ആളുകളെ കിട്ടിയില്ലെങ്കിൽ സമൂഹം രൂപീകരിച്ചതുകൊണ്ടും സംഘം സ്ഥാപിച്ചതുകൊണ്ടും സംതൃപ്തി അടയുവാൻ പാടുള്ളതല്ല. ദൈവസ്നേഹമല്ലാതെ മറ്റൊരു ചൈതന്യവും നമുക്ക് പ്രചോദകമായി ഉണ്ടാവാൻ പാടില്ല. ലോകത്തിനു മരിക്കുക എന്നുള്ളതും സ്വയം പരിത്യജിക്ക എന്നതും ഒന്നുതന്നെയാണ്. നിശബ്ദതയും ഏകാന്തതയുമത്രേ സന്യാസജീവിതത്തിനാവശ്യം. പിശാചിനെ ജയിക്കുന്നതിനും ദുർമോഹങ്ങളെ ദുരീകരിക്കുന്നതിനും നിഷ്ഠജീവിതത്തെ ശക്തിപ്പെടുത്തുന്നതിനും സുകൃതസമ്പാദനത്തിനും ഉപവാസം ആവശ്യമാണ്. യഥാർത്ഥ സന്യാസിക്ക് തനിക്കുവേണ്ടി തന്നെ ജീവിക്കാൻ അസാധ്യമാണ്.

സന്യാസപദത്തിൽ ദൈവസ്നേഹം മാത്രമേ ജീവിതോദ്ദേശ്യമായിട്ടുള്ളൂ. സന്യാസിക്ക് യേശു മാത്രം ജീവിതനിയമവും നിയമപാലനശക്തിയും ആയിരിക്കണം. സന്യാസി പൂർണ ബ്രഹ്മചര്യം പാലിക്കണം. ക്രൈസ്തവ സന്യാസത്തിന്റെ അടിസ്ഥാനം ദൈവപുത്രനായ യേശുമിശിഹായുടെ മനുഷ്യാവതാരവും കുരിശിന്മേൽ നിർവഹിച്ച യാഗവുമാകുന്നു. ലോകത്ത് കാണപ്പെട്ട ആദ്യസന്യാസി യേശുമിശിഹായാകുന്നു. സന്യാസംതന്നെ ദൈവാരാധനയാകുന്നു. സന്യാസജീവിതം തുടർച്ചയായ ഒരു പൂജാകർമ്മമാകുന്നു. യഥാർത്ഥ സന്യാസ പ്രതിജ്ഞയിൽ താഴ്മ ഉണ്ടായിരിക്കണം. പ്രാർത്ഥന, വേല, വിശ്രമം, മൗനാനുഷ്ഠാനം ആദിയായി സന്യാസി ചെയ്യുന്ന സകലതും ദൈവസംസർഗമാകുന്നു.

സന്യാസി ഒരിക്കലും ഏകാകിയല്ല. എന്റേത് എന്നുള്ള ചിന്ത യാതൊന്നിനെക്കുറിച്ചും സന്യാസിക്കുണ്ടായിരിക്കരുത്. ലോകത്തിന് മരിക്കുന്നവനത്രെ ഒരു സന്യാസി. ലൗകികമായ ബഹുമതിയും ജനസമ്മതിയും സന്യാസിക്കാവശ്യമില്ല. കാഷായവസ്ത്രം ധരിക്കുന്ന ഒരു സന്യാസി താൻ കേവലം മണ്ണ് തന്നെയാണെന്ന് അനുസ്മരിക്കുന്നു. സന്യാസജീവിതത്തിന് ആരെയും നിർബന്ധിച്ചുകൂടാ. അർത്ഥി സ്വമനസാലേ വേണം വരേണ്ടത്. സന്യാസി ജീവിക്കുന്നത് കർത്താവിന്റെ ഇഷ്ടം ചെയ്യുവാൻ മാത്രമാണ്.

കത്തുകൾ

കുടുംബകൂട്ടായ്മ പ്രതിനിധികൾ ഇടപെടേണ്ട ചില മേഖലകൾ

നമ്മുടെ ചിന്തയിൽ സഹജീവികൾക്കു സ്ഥാനമുണ്ടാകണം. അയൽക്കാരന്റെ പ്രശ്നങ്ങൾ അറിയാനും ആശ്വസിപ്പിക്കാനും നമുക്കു കഴിയണം. സമ്പർക്കവും അതിനുള്ള സമയവും ഉണ്ടെങ്കിലേ ഇതു സാധിക്കുകയുള്ളൂ. കുടുംബത്തിൽ തന്നെയാണെങ്കിലും തിരക്കു കൂടാതെ സംസാരിക്കാൻ സമയം കണ്ടെത്തണം. മക്കളുടെ ബാല്യകാലത്താണ് അവരുടെ വിശ്വാസം ആർജിക്കേണ്ടത്. അതിന് അവരുമായി സംസാരിക്കണം. അവരുടെ പ്രശ്നങ്ങളും കൊച്ചു സ്വപ്നങ്ങളും ബാലിശമെന്നു മുദ്രകുത്തി അവഗണിക്കരുത്. അവ അവരെ സംബന്ധിച്ചിടത്തോളം വലിയ കാര്യങ്ങളാണ്. ഇങ്ങനെ ചെയ്താൽ വാർധക്യകാലത്ത് നിങ്ങളുടെ മക്കൾ നിങ്ങളുടെ വാക്കുകൾ ശ്രദ്ധിക്കും. വൃദ്ധരും രോഗികളും പലപ്പോഴും ഒറ്റപ്പെടുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. അവരോട് ഒന്നും പറയാനില്ലെന്നാണ് ചില കുടുംബാംഗങ്ങൾ ചിന്തിക്കുന്നത്. സുഹൃത്തുക്കൾ തമ്മിൽ സംസാരിക്കാൻ വിഷയമില്ലെന്നു വരാറില്ലല്ലോ? നമ്മൾ അവരെ പരിഗണിക്കുന്നുവെന്നതിന്റെ അടയാളമാണ് അവരോട് കുടുംബകാര്യങ്ങൾ സംസാരിക്കുന്നതും അവർ പറയുന്നതു ശ്രദ്ധിക്കുന്നതും. അവർ ഒരേ കാര്യം ആവർത്തിച്ചു പറഞ്ഞാലും അക്ഷമരാകരുത്. സ്നേഹം ഉള്ളിൽ ഉണ്ടായാൽ പോരാ പ്രകടിപ്പിക്കണം. ഉറ്റബന്ധങ്ങൾ ആരോഗ്യത്തിനുതന്നെ സഹായകമാണ്.

അമേരിക്കയിൽ ഒരു വെള്ളക്കാരന്റെ കുട്ടിയെ ആദിവാസികൾ തട്ടിക്കൊണ്ടുപോയി. ബാലനെ അന്വേഷിച്ചുചെന്ന മാതാപിതാക്കളോട് അവൻ പറഞ്ഞത് അവരെക്കാൾ അവനെ സ്നേഹിക്കുന്നത് ആദിവാസികളാണെന്നാണ്. ഭൗതിക സൗകര്യങ്ങൾകൊണ്ടു മാത്രം കുട്ടികൾ സംതൃപ്തരല്ലെന്നാണ് ഇതു വ്യക്തമാക്കുന്നത്.

ഓരോ ഇടവകയിലും കുടുംബകൂട്ടായ്മകൾ അവരുടെയിടയിലെ ക്ലേശങ്ങൾ അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ അറിഞ്ഞു പരിഹരിക്കാൻ ശ്രമിക്കണം. പൊതുപ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാരോ ആണ് പരിഹരിക്കേണ്ടതെങ്കിൽ അതിനുള്ള സമ്മർദ്ദം ചെലുത്താൻ കൂട്ടായ്മയിലെ പ്രതിനിധികൾ തയാറാകണം.

– ഫാ. സെബാസ്റ്റ്യൻ തുടിയൻപ്ലാക്കൽ, പാലാ

എൻഡോസൾഫാൻ: ഭരണകൂടം എന്തു ചെയ്തു?

മാധ്യമങ്ങളിലും രാഷ്ട്രീയസദസുകളിലും നിറഞ്ഞ എൻഡോസൾഫാൻ വിഷയത്തിൽ കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളും കേന്ദ്രഭരണകൂടവും ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കുകയാണ്. വാക്പയറ്റുകൾകൊണ്ടു ജീവനം കഴിക്കാൻ പാകത്തിൽ അധഃപതിക്കപ്പെട്ടിരിക്കുന്ന രാഷ്ട്രീയക്കാരും പ്രസ്ഥാനങ്ങളും മനുഷ്യജീവന്റെ മൂല്യങ്ങളെ പുച്ഛിച്ചു തള്ളിക്കൊണ്ടിരിക്കുന്നു. കേരളത്തിൽനിന്നുള്ള എം.പിമാരും ഇവിടുത്തെ ഭരണകൂടവും ഇതിനുവേണ്ടി ആത്മാർത്ഥമായി എന്തു ചെയ്തു? ഇവരൊക്കെ ഇപ്പോൾ എന്തു ചെയ്തുകൊണ്ടിരിക്കുന്നു? ജനങ്ങൾ ചിന്തിക്കണം.

– ബാബു ബനഡിക്ട്, പുൽപ്പള്ളി

കൂദാശവചനങ്ങൾ പാടണോ?

വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുമ്പോൾ പലപ്പോഴും മനസിൽ തോന്നിയിട്ടുള്ളതും മറ്റു പലരും സൂചിപ്പിച്ചിട്ടുള്ളതുമായ ഒരു സംശയമാണിത്.

വിശുദ്ധ കുർബാനയുടെ മധ്യേ, കൂദാശവചനങ്ങൾ വൈദികൻ സംഗീതോപകരണങ്ങളുടെ അകമ്പടിയോടുകൂടി ഗാനരൂപത്തിൽ ഉരുവിടുമ്പോൾ പലയാളുകളും വൈദികനോടൊപ്പം പാടുന്നത് കേട്ടിട്ടുണ്ട്. ഇത് തെറ്റാണെന്നാണ് എനിക്ക് തോന്നുന്നത്. യേശുവിന്റെ സ്ഥാനത്താണ് വൈദികൻ കൂദാശവചനങ്ങൾ ഉരുവിടുന്നത്. അത് ഗാനരൂപത്തിൽ കേൾക്കുകയും കൂടെ ചിലർ പാടുകയും ചെയ്യുമ്പോൾ ഭക്തി തോന്നുന്നതിനു പകരം പാട്ടു കേൾക്കുന്ന പ്രതീതിയാണ് ഉണ്ടാകുന്നത്. കൂദാശവചനങ്ങൾ വരെയുള്ള ഭാഗം വൈദികൻ പാടിയാലും അപ്പവും വീഞ്ഞും ഈശോയുടെ ശരീരവും രക്തവുമാക്കി മാറ്റുന്ന "ഇതെന്റെ ശരീരമാകുന്നു, ഇതെന്റെ രക്തമാകുന്നു" എന്നുള്ള വചനങ്ങൾ, ജനം സമ്പൂർണ നിശബ്ദതയിലും സംഗീതോപകരണങ്ങൾ ശബ്ദിതയും ആയിരിക്കുമ്പോൾ ഭക്തിപൂർവം വൈദികൻ ഗദ്യരൂപത്തിൽ ഉരുവിടുകയാണെങ്കിൽ അവസരത്തിന്റെ പ്രാധാന്യം ജനത്തിന് ഉൾക്കൊള്ളാൻ കഴിയും. ആരും ആ വചനങ്ങൾ വൈദികനോടൊപ്പം ചൊല്ലാൻ ധൈര്യപ്പെടുകയുമില്ല എന്നാണ് എന്റെ അഭിപ്രായം. നന്നായി പാടാൻ കഴിവുള്ള പല മുതിർന്ന വൈദികരും ഈ ഭാഗം മാത്രം ഗാനരൂപം ഒഴിവാക്കി കുർബാന ചൊല്ലുന്നത് കണ്ടിട്ടുണ്ട്.

വൈദികർ ഈ രീതി ഒന്നു പരീക്ഷിച്ചുനോക്കാനുള്ള സന്മനസ് കാണിച്ചാൽ തെറ്റില്ലെന്നാണ് എന്റെ പക്ഷം.

– ദേവസി ടി.എ, ചുണ്ടേൽ